# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4656 04.02.2014 ലെ മറുപടിയ്ക്ക്

## റസ്റ്റ് ഹൗസുകളുടെ വാടക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ.വി.കെ.ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകളുടെ വാടകനിരക്ക് ഈ സർക്കാർ വന്നതിനുശേഷം വർദ്ധിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രാവശ്യം വർദ്ധിപ്പിച്ചു ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട്. ഒരു തവണ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച തുകയിൽ രണ്ട് പ്രാവശ്യമായി കുറവുകൾ വരുത്തിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം (എ), (ബി), (സി) ആയി ചേർത്തിട്ടുണ്ട്. |
| (ബി) റസ്റ്റ് ഹൗസുകളിൽ ആർക്കെല്ലാമാണ് സൗജന്യ താമസം അനുവദിച്ചിട്ടുള്ളത്; | (ബി) ഗവർണ്ണർ, മുഖ്യമന്ത്രി, കേന്ദ്രമന്ത്രിമാർ, നിയമസഭാ സ്പീക്കർ, ഹൈക്കോടതി ചീഫ് ജസ്റ്റിസ്, സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ് എന്നിവർക്ക് സൗജന്യ താമസം അനുവദിച്ചിട്ടുണ്ട്. |
| (സി) സർക്കാർ ജീവനക്കാർക്ക് ഔദ്യോഗിക ആവശ്യത്തിന് മുറി അനുവദിക്കുന്നതിൽ മുൻഗണനയുണ്ടോ;ജീവനക്കാർക്ക് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വാടക നിരക്ക് എപ്രകാരമാണ്;<br><br>(ഡി) സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ആവശ്യത്തിന് കുടുംബസമേതം തങ്ങുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വാടക എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ? | (സി) & (ഡി) ഉണ്ട്. സർക്കാർ ജീവനക്കാർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള മുറി വാടക ദിനബത്തയുടെ മൂന്നിലൊന്ന് അല്ലെങ്കിൽ സാധാരണ മുറിവാടക നിരക്ക് ഇവയിൽ കുറവ് ഏതാണോ അതായിരിക്കും. സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ആവശ്യങ്ങൾക്കുള്ള വാടക നിരക്ക് പൊതുനിരക്കിന്റെ പകുതിയായിരിക്കും. |

Majeed

**സെക്ഷൻ ഓഫീസർ**